**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 92** **27-06-2022 - ൽ മറുപടിയ്ക്ക്**

**ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ സുരക്ഷാ നടപടികളുടെ ഭാഗമായി ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം പൂർണ്ണമായും തടയുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇത്തരത്തിൽ ഒരു നിർദ്ദേശം നൽകിയിട്ടില്ല. |
| (ബി) | മുഖ്യമന്ത്രിയുടെ കോട്ടയം സന്ദർശനവേളയിൽ മാമോദീസ കഴിഞ്ഞ് കൊച്ചു കുട്ടിയുമായി വീട്ടിലേക്ക് മടങ്ങിയ കുടുംബത്തെ മണിക്കൂറുകളോളം റോഡിൽ തടഞ്ഞുനിർത്തി ബുദ്ധിമുട്ടിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ബി) | മുഖ്യമന്ത്രിയുടെ 11.06.2022ലെ കോട്ടയം സന്ദർശന വേളയിൽ കോട്ടയം ഗസ്റ്റ് ഹൗസിൽ നിന്നും കോട്ടയം മാമൻ മാപ്പിള ഹാളിലേയ്ക്ക് അതീവ സുരക്ഷ നൽകേണ്ട Z+ കാറ്റഗറി ഉള്ള മുഖ്യമന്ത്രി യാത്ര ചെയ്തു വരുന്ന സമയം ഏർപ്പെടുത്തിയ ഗതാഗത ക്രമീകരണത്തിനിടയിൽ ഇടറോഡിൽ നിന്നും മെയിൻ റോഡിലേയ്ക്ക് പ്രവേശിച്ച കുടുംബത്തെ മുഖ്യമന്ത്രിയുടെ വാഹന വ്യൂഹം കടന്നു പോയതിനു ശേഷം കടത്തി വിട്ടിട്ടുള്ളതാണ്. ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ